<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168</u> <u>29-07-2021 - ൽ മറുപടിയ്ക്ക്</u>

<u>മൂല്യവർധിത കാർഷികോല്പന്നങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്നങ്ങളിൽ നിന്ന് മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം കാർഷികാധിഷ്ഠിത ഭക്ഷ്യോത്പന്ന നിർമ്മാണ യൂണിറ്റുകളെയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് പൊതു വിഭാഗത്തിന് നൽകുന്ന സബ്-സിഡിയ്ക്ക് പുറമേ അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിൻറെ 10 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ അധിക സബ്-സിഡി നൽകി വരുന്നു. സംസ്ഥാനത്ത് വ്യവസായ വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെൻറ് പദ്ധതിയായ പ്രൈ. മിനിസ്റ്റേഴ്സ് ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എൻറർപ്രൈസസ് വഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാധിഷ്ഠിത പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതി ചെലവിൻറെ 35 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെയാണ് സബ്-സിഡി. ജില്ലാതലത്തിൽ നടപ്പിലാക്കുന്ന ഒരു ജില്ലാ ഒരു ഉത്പന്ന പദ്ധതി മുഖേന ആരംഭിക്കുന്ന സംരംഭങ്ങൾക്കും നിലവിൽ പ്രവർത്തിക്കുന്ന മറ്റു ഭക്ഷ്യസംസ്കരണ യൂണിറ്റുകൾക്കും ഈ സഹായം ലഭ്യമാക്കുന്നു. കുട്ടനാട്ടിൽ നെൽ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ ഭാഗമായി വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് അവ | (സി) | വൈൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ |

| | | | |
|---|---|---|---|
| | ആരംഭിയ്ക്കാനുദ്ദേശിയ്ക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | | വ്യവസായ വകുപ്പ് അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ